അതുമായി ബന്ധപ്പെട്ട വിദഗ്ധ ഏജൻസികൾ, വ്യക്തികൾ എന്നിവയുമായും കമ്മീഷൻ ചർച്ചകൾ നടത്തി വരികയാണ്. ഇവയിലൂടെ ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിക്കേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങളെല്ലാം പൂർത്തിയാക്കി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ തന്നെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ശമ്പള പരിഷ്കരണത്തിന് മുൻകാല പ്രാബല്യം എന്ന് നൽകണമെന്നതിനെ സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

പുതിയ പെൻഷൻ പദ്ധതി

126 (472) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ പെൻഷൻ പദ്ധതി നടപ്പാക്കിയതുവഴി പൊതു ചെലവിൽ കുറവ് വന്നിട്ടുണ്ടോ ; എങ്കിൽ കുറവ് എത്രയെന്ന് പറയാമോ ;

(ബി) ഇല്ലായെങ്കിൽ ചെലവിൽ എന്ന് മുതൽ കുറവുണ്ടാകുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പുതിയ പെൻഷൻ പദ്ധതി നടപ്പിലാക്കിയതുവഴി പെൻഷൻ ചെലവുകളിൽ 2014-15 വർഷത്തിൽ കുറവ് വന്നിട്ടില്ല.

(ബി) ചെലവിൽ കുറവ് ഉണ്ടാകുന്ന രീതിയിൽ കണക്കെടുപ്പ് നടത്തിയിട്ടില്ല.

വികസന ചെലവിന്റെ സംസ്ഥാന ശരാശരി

127 (473) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികസന ചെലവിനത്തിൽ സംസ്ഥാനം അയൽ സംസ്ഥാനങ്ങളുടേയും അഖിലേന്ത്യാ ശരാശരിയുടേയും പിന്നിലായതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ, അഖിലേന്ത്യാടിസ്ഥാനത്തിൽ സംസ്ഥാനത്തിന് എത്രാം സ്ഥാനമാണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന പലിശ, ശമ്പളം, പെൻഷൻ, സബ്സിഡികൾ മുതലായ റവന്യൂ ചെലവുകളും Tax-GSDP വളർച്ച നിരക്കിലുള്ള കുറവും കേന്ദ്രവിഹിതത്തിലുള്ള ഗണ്യമായ കുറവും കാരണം സംസ്ഥാനത്തിന് വികസന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചെലവിനായി കൂടുതൽ തുക വിനിയോഗിക്കാൻ സാധിക്കുന്നില്ല. കൂടാതെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനം തദ്ദേശ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഭീമമായ തുക വർഷം തോറും കൈമാറി കൊണ്ടിരിക്കുന്നതും (Devolving) ഇതിന് ഒരു കാരണമാണ്. എന്നിരുന്നാലും ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലെ ചെലവിനത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെ മുൻപന്തിയിലാണ്.

(ബി) ആളോഹരി വികസന ചെലവിനത്തിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ സംസ്ഥാനത്തിന് 22-ാം സ്ഥാനമാണുള്ളത്.

വിവിധ സാമ്പത്തിക വർഷങ്ങളിലെ സർക്കാർ ചെലവുകൾ

128 (474) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലുണ്ടായ റവന്യൂ ചെലവ്, മൂലധന ചെലവ്, വികസന ചെലവ്, വികസനേതര ചെലവ്, പദ്ധതി ചെലവ്, പദ്ധതിയേതര ചെലവ് എന്നിവ എത്രയാണെന്ന് ആഡിറ്റഡ് കണക്കുകളുടെ അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ ; ഇവ ഓരോന്നിനും അതതു വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത് തുക എത്രയായിരുന്നു ?

ഉത്തരം

2011-12 മുതൽ 2014-15 (ജനുവരി) വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വിവിധ ഇനങ്ങളിലുള്ള സർക്കാർ ചെലവുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

വിവിധ വകുപ്പുകൾ ലീസ്, വാടക, നടത്തിപ്പ് ചുമതല നൽകിയത് ധനവകുപ്പിനെ അറിയിക്കുന്നത് സംബന്ധിച്ച്

129 (475) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ സർക്കാർ വകുപ്പുകൾ ലീസ്, വാടക, നടത്തിപ്പ് ചുമതല എന്നിവയ്ക്കായി നൽകിയിട്ടുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ധനവകുപ്പിനെ അറിയിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.